Veekshanam 09-02-19, p-3

# രണ്ട് മീറ്റർ നീളമുള്ള കൊള്ളിക്കിഴങ്ങ്

കൊടകര: വിട്ടുവളപ്പിലെ കൊള്ളിയിൽ രണ്ട് മീറ്ററോളം നീളത്തിലുള്ള കിഴങ്ങ് ഉണ്ടായത് കൗതുകമായി. കൊടകരക്കുസമീപം പറേക്കാട്ടുകര കാവുങ്ങൽ പോളിന്റെ വീട്ടുവളപ്പിലാണ് അപൂർവമായ വിളവുണ്ടായത്. ഒരുവർഷം മുമ്പ് വിദേശത്തുനിന്നും ലീവിനെത്തിയപോൾ നട്ടതാണ് ഈ കൊള്ളി. ഇക്കുറി ലീവിനെത്തിയപ്പോഴാണ് ഒരുവർഷം മുമ്പ് നട്ട കൊള്ളി പറക്കാൻ തയ്യാറായത്. കൊള്ളിക്കടയുടെ മേൽമണ്ണ് കളഞ്ഞ് പറക്കാൻ ശ്രമിച്ചെങ്കിലും സാധിക്കാതെവന്നപ്പോഴാണ് കൂടുതൽ മണ്ണ് കളഞ്ഞ് നോക്കിയത്. മറ്റുകടകൾ പറിച്ചെങ്കിലും വലുപ്പം അധികം ഉണ്ടായിരുന്നില്ല. എന്നാൽ ഈ കടയിൽ വലിയകിഴങ്ങുകളാണ് ഉണ്ടായത്. ചുങ്കാലിലുള്ള ബന്ധുവിന്റെ വീട്ടിൽ നിന്നും കൗതുകം തോന്നി കൊണ്ടുവന്ന് നട്ട തണ്ടിലാണ് വലിയ കിഴങ്ങുണ്ടായത്.

